**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **13-01-2021 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിലേക്കുള്ള ഗുരുവായൂർ ദേവസ്വം ബോർഡിന്റെ സംഭാവന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ ദേവസ്വം ബോർഡ് അതിന്റെ ഫണ്ടിൽ നിന്നും പത്ത് കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇപ്രകാരം സംഭാവന നൽകുന്നതിന് ഗുരുവായൂർ ദേവസ്വം നിയമത്തിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | മുഖ്യന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവന ചെയ്യുന്നതിന് ഗുരുവായൂർ ദേവസ്വം നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലാണ് ഗുരുവായൂർ ദേവസ്വം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. |
| (സി) | ദേവസ്വം ബോർഡിന്റെ തീരുമാനം ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്ത്; ഈ വിധിക്കെതിരേ സുപ്രീം കോടതിയിൽ അപ്പീൽ പോകുന്നതിന് ഗുരുവായൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ധനസഹായം നൽകാൻ 1978 ലെ ഗുരുവായൂർ ദേവസ്വം ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ല എന്ന് ബഹു. കോടതി നിരീക്ഷിച്ചിട്ടുണ്ട്. സുപ്രീംകോടതിയിൽ അപ്പീൽ പോകുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| (ഡി) | ഇത് സംബന്ധിച്ച നിയമവശങ്ങൾ സുപ്രീം കോടതി സീനിയർ അഭിഭാഷകൻ ആര്യാമ സുന്ദരത്തിൽനിന്നും തേടിയിട്ടുണ്ടോ; എങ്കിൽ അദ്ദേഹത്തിന് നൽകിയ ഫീസ് എത്രയാണ്; വെളിപ്പെടുത്താമോ? | (ഡി) | ഉണ്ട് ഫീസ് നൽകുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ